**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1305** — **07-10-2021 - ൽ മറുപടിയ്ക്ക്**

**കൊറോണയ്ക്കുശേഷം സ്കൂളുകൾ തുറക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മുൻകരുതൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കൊറോണയ്ക്കുശേഷം സ്കൂളുകൾ തുറക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മുൻകരുതൽ നടപടികൾ വിശദമാക്കാമോ; | (എ) | സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂളും പരിസരവും വൃത്തിയാക്കുന്നതിനും അണുനശീകരണം നടത്തുന്നതിനും വിവിധ വകുപ്പുകൾ പി.ടി.എ./ എസ്.എം.സി., യുവജന സംഘടനകൾ, അധ്യാപക സംഘടനകൾ തുടങ്ങിയവരുടെയെല്ലാം സഹകരണ ത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുമായി (ആരോഗ്യം, ഗതാഗതം, തദ്ദേശ സ്വയംഭരണം) മന്ത്രിതല ചർച്ചകൾ പൂർത്തിയാക്കി സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതി നുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പിലെ ക്യൂ.ഐ.പി. മോണിട്ടറിംഗ് കമ്മിറ്റിയുടെ യോഗം, അംഗീകൃത അധ്യാപക സംഘടനകളുടെ യോഗം, യുവജന സംഘടനകളുടെ യോഗം, വിദ്യാർത്ഥി സംഘടനകളുടെ യോഗം, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് /മേയർമാരുടെ യോഗം, ട്രേഡ് യൂണിയൻ സംഘടനകളുടെ യോഗം, ജില്ലാ കളക്ടർമാരുടെ യോഗം, വിദ്യാഭ്യാസ ഓഫീസർമാരുടെ യോഗം എന്നിവ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ പ്രത്യേകം പ്രത്യേകം ചേർന്ന് സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്ന മാർഗ്ഗരേഖയിന്മേൽ അഭിപ്രായങ്ങളും. നിർദ്ദേശങ്ങളും ആരാഞ്ഞിരുന്നു. അപ്രകാരം ലഭിച്ച അഭിപ്രായങ്ങളുടെയും. നിർദ്ദേശങ്ങളു ടെയും അടിസ്ഥാനത്തിൽ കരട് മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ട് കൂടാതെ സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ് മാർഗ്ഗരേഖയും പുറത്തിറക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സ്കൂളുകൾ അടഞ്ഞു കിടന്നതു നിമിത്തം നിയമനം മന്ദഗതിയിലായ എച്ച്.എസ്.എ. റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുന്ന വിഷയം വിദ്യാഭ്യാസ വകുപ്പിന്റെ പരിധിയിൽ വരുന്നില്ല |
| (സി) | വിദ്യാർത്ഥികളുടെ കായികവും മാനസികവുമായ വികസനം ഉറപ്പുവരുത്തുന്നതിന് വിദ്യാലയങ്ങളിൽ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) | വിദ്യാർത്ഥികളുടെ കായികവും മാനസികവുമായ വികസനം ഉറപ്പ് വരുത്തുന്നതിനായി വിക്ടേഴ്സ് ചാനൽ മുഖേന ആരോഗ്യ കായിക വിദ്യാഭ്യാസം ഡിജിറ്റൽ ക്ലാസുകൾ നൽകിവരുന്നു. 1 മുതൽ 12 വരെ ക്ലാസുകളിലെ കുട്ടികൾക്ക് പ്രയോജനപ്പെടുന്നതും വ്യക്തിഗതമായി ചെയ്യുവാൻ കഴിയുന്നതുമാണ് പ്രസ്തുത പ്രവർത്തന വീഡിയോകൾ. സ്കൂൾ തുറക്കുന്ന സാഹചര്യത്തിൽ കുട്ടികൾക്ക് അഭ്യസിക്കുവാൻ ഉതകുന്ന രീതിയിൽ സുരക്ഷാ മുൻകരുതലുകൾ പാലിച്ച് കൊണ്ട് ചെയ്യാവുന്ന പ്രവർത്ത നങ്ങൾ ആസൂത്രണം ചെയ്തു വരികയാണ്. |
| (ഡി) | വിദ്യാലയങ്ങളിൽ കൗൺസിലിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ഡി) | സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂൾ തലത്തിൽ കുട്ടികളുടെയും രക്ഷിതാക്കളുടെയും മാനസിക സംഘർഷം ലഘൂകരിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വ ത്തിൽ ഒരു കേന്ദ്രീകൃത മൊഡ്യൂൾ തയ്യാറാക്കുന്നുണ്ട്. പ്രസ്തുത മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ അധ്യാപകതല പരിശീലനം നൽകുന്നതാണ്. അപ്രകാരം പരിശീലനം ലഭിച്ച അധ്യാപകർ ക്ലാസടിസ്ഥാനത്തിൽ രക്ഷകർത്താക്കൾക്ക് ഇത് സംബന്ധിച്ച ബോധവൽക്കരണ ക്ലാസ്സുകൾ നൽകുന്നതാണ്. സ്കൂൾ തുറന്ന് ആദ്യ ദിവസങ്ങളിൽ ഇത് സംബന്ധിച്ച ക്ലാസ്സുകൾ കുട്ടികൾക്കും നൽകുന്നതാണ്. |
| (ഇ) | പൊതുവിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ വിശദമാക്കാമോ; | (ഇ) | പൊതുവിദ്യാഭ്യാസ മേഖലയിൽ നടത്തുവാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു. പുതിയതായി സർവ്വീസിൽ പ്രവേശിക്കുന്ന അധ്യാപകർക്കുള്ള ഇൻഡക്ഷൻപരിശീലനം നടപ്പിലാക്കും. അധ്യാപകർക്കുള്ള 6 മാസം ദൈർഘ്യമുള്ള അധ്യാപക പരിശീലന പരിപാടി (Teacher Transformation Programme) കേരളത്തിലെ എല്ലാ അധ്യാപകർക്കും ലഭ്യമാക്കു ന്നതിനുള്ള സമഗ്ര പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കും മറ്റ് സംസ്ഥാനങ്ങളിൽ പഠിച്ച് തുടർപഠനം കേരളത്തിൽ നടത്തുന്നവർക്കുള്ള തുല്യത നല്കുന്നതിനുള്ള KEET (Kerala Equivalency Cum Eligibility Test) പരീക്ഷ നടപ്പിലാക്കും ഭിന്നശേഷി വിദ്യാർത്ഥികളുടെ |

| | | | |
|---|---|---|---|
| | | | പഠനത്തിനാവശ്യമായ പദ്ധതി കളായ മുദ്രികാപാഠം, ശ്രുതിപാഠം, ഗണിനിപ്രഭ, സമീക്ഷാ തുടങ്ങിയവ വ്യാപിപ്പിക്കും |
| (എഫ്) | നിലവിലുള്ള സിലബസ് പരിഷ്കരിക്കുന്നതിന് ഉദ്ദേശമുണ്ടോ; അറിയിക്കുമോ; | (എഫ്) | കേരള പാഠ്യപദ്ധതി ചട്ടക്കൂടിന്റെ അടിസ്ഥാനത്തിലാണ് അവസാനമായി കേരള സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിച്ചത്. തുടർന്ന് 2013 ൽ തയാറാക്കിയ നയരേഖയുടെ അടിസ്ഥാ നത്തിൽ പാഠപുസ്തകങ്ങളുടെ ഉള്ളടക്ക ത്തിൽ മാറ്റം വരുത്തുകയുണ്ടായി. അതിനുശേഷം വിജ്ഞാന മേഖലയിലും ആധുനിക സാങ്കേതിക രംഗത്തും ഉണ്ടായ വളർച്ചയുടെയും വികാസത്തിന്റെയും അടിസ്ഥാനത്തിലും ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് നിലവിൽ വന്ന സാഹചര്യത്തിലും കേരള സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരി ക്കുന്നതിനാണ് സർക്കാർ തീരുമാനി ച്ചിട്ടുള്ളത്. പാഠ്യപദ്ധതി പരിഷ് കരണത്തിനാവശ്യമായ പ്രാരംഭ പ്രവർത്തനങ്ങൾ ഇതിനോടകം തുടങ്ങിയിട്ടുണ്ട്. |
| (ജി) | വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ? | (ജി) | പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്ന പദ്ധതി പ്രകാരം തെരഞ്ഞെടുത്ത സ്കൂളുകളിൽ 5 കോടി, 3 കോടി, 1കോടി രൂപ ചെലവ് വരുന്ന വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു വരുന്നു. 45,000 ഹൈസ്കൂൾ ഹയർ സെക്കണ്ടറി ക്ലാസ്സ്മുറികൾ ഹൈടെക് സംവിധാനം ഉള്ളവയായി.എൽ.പി / യു.പി സ്കൂളുകളും ഹൈടെക് സ്കൂളുകളായി മാറിവരുന്നു. ലൈബ്രറികൾ. ക്ലാസ്സ് ലൈബ്രറികൾ, ലബോറട്ടറികൾ, ശുചിമുറികൾ, ശൗചാലയങ്ങൾ, പുതിയ കെട്ടിടങ്ങൾ, ക്ലാസ്സ്മുറികൾ, ചുറ്റുമതിൽ, സ്കൂളുകൾ ആകർഷകമാക്കൽ, പാചകപ്പുര നവീകരണം, കളിസ്ഥലങ്ങളുടെ മെച്ചപ്പെടുത്തൽ, സ്മാർട്ട് ക്ലാസ്സ് മുറികൾ, ഫർണിച്ചർ, സ്കൂൾ ബസ്സുകൾ, ലാംഗ്വേജ് ലാബുകൾ, റാമ്പ്& റെയിൽ സംവിധാനം, ഭിന്നശേഷി സൗഹൃദ ശുചിമുറികൾ,ഐ.സി.ടി ഉപകരണങ്ങൾ, ലൈബ്രറി പുസ്തകങ്ങൾ തുടങ്ങി നിരവധി പ്രവർത്തനങ്ങൾ സ്കൂളുകളിൽ നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ